LIBRARY ARCHIVES Kerala Legislative Assembly

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാമൂഹ്യ സുരക്ഷ മിഷൻ മുഖേനയുള്ള ചികിത്സ സഹായ പദ്ധതി

3 (*93) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ മിഷൻ മുഖേന രോഗികൾക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

വീകെയർ, സമാശ്വാസം പദ്ധതികൾ മുഖേന രോഗികൾക്ക് നേരിട്ടും ബന്ധപ്പെട്ട ആശുപത്രികൾ മുഖേനയും ചികിത്സാ ധനസഹായം നല്കുന്നുണ്ട്. കൂടാതെ കാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, മിഠായി എന്നീ പദ്ധതികളിലൂടെ രോഗികൾക്കുള്ള ചികിത്സാ ധനസഹായം ബന്ധപ്പെട്ട ആശുപത്രികൾക്ക് നേരിട്ട് നൽകുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പദ്ധതി പ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ ധനസഹായം നൽകാൻ സ്വീകരിക്കുന്ന മുൻഗണനാ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

നെൽവയൽ സംരക്ഷണം

4 (*94) ശ്രീമതി യു. പ്രതിഭ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; കോൾനിലങ്ങളിൽ ഉൾപ്പെടെ ഒരുപ്പു കൃഷി ഇരുപ്പു കൃഷിയാക്കാൻ ആവശ്യമായ സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.